# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1015

30.09.2016 - ൽ
മറുപടിക്ക്

### പീലിക്കോട് പ്രാദേശിക ഗവേഷണ കേന്ദ്രത്തിലെ തൊഴിലാളി നിയമനം

| ചോദ്യം<br>ശ്രീ. എം. രാജഗോപാലൻ | മറുപടി<br>ശ്രീ. വി. എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) പീലിക്കോട് പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ തൊഴിലാളികളെ നിയമിക്കുന്നതിനായി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ തയ്യാറാക്കിയ ലിസ്റ്റിൽ നിന്ന് ഇതുവരെ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ലിസ്റ്റിൽ നിന്ന് തന്നെ പൂർണ്ണമായും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ? | എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ 2010ലെ വിജ്ഞാപനപ്രകാരം 16/05/2013ന് പ്രാബല്യത്തിൽ വന്ന കാഷ്വൽ തൊഴിലാളി റാങ്ക് ലിസ്റ്റിൽ നിന്നും 60 പേരെ നിയമിക്കുന്നതിന് സർവ്വകലാശാല അനുമതി നൽകിയിരുന്നു. എങ്കിലും 53 പേരാണ് ജോലിയിൽ പ്രവേശിച്ചത്. ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി 15/05/2016 മുതൽ ആറു മാസത്തേയ്ക്ക് ദീർഘിപ്പിച്ചിട്ടുണ്ട്. അനുവദനീയമായ അംഗബലത്തിന്റെ അടിസ്ഥാനത്തിലേ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ